52 (1158) ശുദ്ധജല വിതരണത്തിനു ലഭിച്ചിട്ടുള്ള വിദേശ സഹായം

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണത്തിനായി വിദേശ ഗവൺമെന്റുകളിൽനിന്നും ഓരോ പ്രോജക്ടിനും ലഭിച്ചിട്ടുള്ള തുകയെത്ര;

(ബി) വിദേശ ഏജൻസികളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമായി വിവിധ പ്രോജക്ടുകൾക്ക് എടുത്തിട്ടുള്ള തുക എത്രയാണ്;

(സി) ജപ്പാൻ ഗവൺമെന്റിൽനിന്നും വിവിധ ശുദ്ധജല വിതരണ പദ്ധതികൾക്കായി എന്തു തുക ഇതുവരെ ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) തുക ലഭിച്ചിട്ടില്ലെങ്കിൽ കാരണമെന്താണ്;

(ഇ) വിദേശ ഗവൺമെന്റുകളിൽനിന്നും മറ്റു ഏജൻസികളിൽ നിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് എന്തു തുക വീതമാണ് പ്രതിവർഷം പലിശയായി നൽകേണ്ടത്;

(എഫ്) വായ്പ എടുത്ത തുകയിൽ എന്തു തുക തിരിച്ചടച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശുദ്ധജല വിതരണത്തിനായി നെതർലാന്റ്, ഡെൻമാർക്ക് എന്നീ ഗവൺമെന്റുകളിൽ നിന്നാണ് ധനസഹായം ലഭിച്ചിട്ടുള്ളത്. ശുദ്ധജല വിതരണ പദ്ധതികൾക്കായി വിദേശ ഗവൺമെന്റുകളിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് നേരിട്ട് സഹായധനം ലഭിക്കുന്നില്ല. ഇൻഡ്യാ ഗവൺമെന്റും/വിദേശ ഗവൺമെന്റുകളും/ഏജൻസികളും തമ്മിലുള്ള കരാർ അനുസരിച്ചാണ് തുക ലഭ്യമാക്കുന്നത്. ഇതിൽ ഒരു വർഷം പ്രതീക്ഷിക്കുന്ന തുകയ്ക്ക് അനുസൃതമായി കേരള ഗവൺമെന്റ് ബഡ്ജറ്റിൽ പ്ലാനിനത്തിൽ ഉൾപ്പെടുത്തി ഈ പദ്ധതികൾക്ക് തുക വകയിരുത്തുന്നു. "വിദേശ ഗവൺമെന്റുകൾ വാട്ടർ അതോറിറ്റിക്ക് ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ ഈ തുക ഇന്ത്യാ ഗവൺമെന്റിനു റീ ഇംബേഴ്സ് ചെയ്തുകൊടുക്കുന്നു. നാളിതുവരെ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുള്ള ഇപ്രകാരമുള്ള ക്ലെയിമുകൾ ചുവടെ ചേർക്കുന്നു.

നെതർലാന്റ് ധനസഹായ പദ്ധതികൾ	(രൂപ ലക്ഷത്തിൽ)
1. വക്കം - അഞ്ചുതെങ്ങ്	523.29
2. നാട്ടിക ഫിർക്ക	1852.56
3. കുണ്ടറ	1365.10
4. കോയിപ്പുറം	127.10
5. ചെറിയനാട്	113.52
6. തൃക്കുന്നപ്പുഴ	26.09

LIBRARY ARCHIVES Kerala Legislative Assembly

7. മാള	532.54
8. പാവറട്ടി	3309.59
	7849.76

ഡാനിഡ (ഡെൻമാർക്ക്) ധനസഹായ പദ്ധതികൾ
(ധനസഹായം 31.3.1996 ൽ അവസാനിച്ചു)

1. കൊളാച്ചേരി പദ്ധതി	1667.22 ലക്ഷം രൂപ
2. എടപ്പാൾ പദ്ധതി	781.24 ലക്ഷം രൂപ
3. ചീക്കോട്	1009.10 ലക്ഷം രൂപ
	3457.56

ധനസഹായമായി ലഭിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും തിരിച്ചടക്കേണ്ട തില്ലാത്ത ഗ്രാന്റായിട്ടാണ് നൽകപ്പെടുന്നത്.

(ബി) നെതർലാന്റ്സ്, ഡെന്മാർക്ക് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ധനസഹായം തിരിച്ചടയ്ക്കേണ്ടതല്ലാത്ത ഗ്രാന്റായിട്ടാണ് ലഭിക്കുന്നത്, എന്നാൽ ലോകബാങ്കിൽനിന്നും ശുദ്ധജലവിതരണ പദ്ധതികൾക്കായി 6315.06 ലക്ഷം രൂപ വായ്പയായി എടുത്തിട്ടുണ്ട്.

(സി)&(ഡി) ജപ്പാൻ ഗവൺമെന്റിൽനിന്നും ശുദ്ധജല വിതരണ പദ്ധതി കൾക്കായി തുകയൊന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ല.

ജപ്പാൻ ഗവൺമെന്റിന്റെ ധനകാര്യ സ്ഥാപനമായ ഓവർസീസ് ഇക്ക ണോമിക്സ് കോ-ഓപ്പറേഷൻ ഫണ്ട് (ഒ.ഇ.സി.എഫ്.) മായി ഉണ്ടാക്കിയ കരാർ അനുസരിച്ച്, ജപ്പാൻ ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്ന പദ്ധതികളുടെ രൂപകല്പന വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് എന്നിവ കൺസൾട്ടന്റ് മുഖേനയാണ് തയ്യാറാക്കേണ്ടത്. കൺസൾട്ടന്റിന്റെ നിയമനം ഇതുവരെ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്ത നങ്ങൾ ആരംഭിച്ചിട്ടില്ല. തുക ചെലവാക്കിയതിനുശേഷമാണ് ലോൺ റിഇം ബേഴ്സ് ചെയ്യുന്നത്.

(ഇ) ലോകബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേന്ദ്ര സർക്കാർ നൽകേണ്ട പലിശ നിരക്ക് 2025 ജൂലൈ ഒന്നുവരെ 0.50%വും അതി നുശേഷം 1.5%വുമാണ്. കൂടാതെ പ്രതിവർഷം 0.75% നിരക്കിൽ സർവ്വീസ് ചാർജ്ജും അടയ്ക്കേണ്ടതാണ്. ഓരോ അർദ്ധവർഷത്തിലും അടച്ചുതീർത്തി ട്ടുള്ള തുകയിന്മേലാണ് പലിശ കണക്കാക്കുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റിന് ലഭിച്ച തുകയ്ക്ക് 8.75%വും കേരള വാട്ടർ അതോറിറ്റിക്കു ലഭിച്ച തുകയ്ക്ക് 14%വുമാണ് പലിശനിരക്ക്. ജപ്പാൻ ധനസഹായ പദ്ധതിയുടെ വായ്പയിന്മേലുള്ള പലിശനിരക്ക് 2.1%മാണ്. വായ്പ 2007 മുതൽ 2027 വരെ യുള്ള 20 വർഷംകൊണ്ട് അർദ്ധ വാർഷിക തവണകളായിട്ടാണ് തിരിച്ചട യ്ക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ലോക ബാങ്ക് കരാർ അനുസരിച്ച് പദ്ധതിക്കു ലഭിച്ച തുക മുഴുവനും 1996 ജനുവരി ഒന്നു മുതൽ അർദ്ധ വാർഷിക തവണകളായി 2035 ജൂലായ് ഒന്നിനു മുമ്പ് തീർക്കേണ്ടതായിരുന്നു. എന്നാൽ, വായ്പ തിരിച്ചടയ്ക്കേണ്ട സമയം 5 വർഷം കൂടി നീട്ടി കിട്ടിയിട്ടുള്ളതിനാൽ 2001 ജനുവരി ഒന്നു മുതലാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്.

53 (1159) ജലസേചന പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പ് നടപ്പിലാക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഈ വർഷം എത്ര പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്;

(സി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം പദ്ധതികൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജലസേചനവകുപ്പ് നടപ്പിലാക്കുന്ന എല്ലാ ചെറുകിട ജലസേചനപദ്ധതികൾക്കും നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നില്ല. ജലസേചനവകുപ്പ് നബാർഡിലേക്ക് സാമ്പത്തികസഹായത്തിന് ശുപാർശ ചെയ്യുന്ന പദ്ധതികൾ നബാർഡ് അവരുടെ മാനദണ്ഡം അനുസരിച്ച് വിലയിരുത്തി പദ്ധതികൾ തെരഞ്ഞെടുക്കുന്നു.

(ബി) ഈ വർഷം റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലെപ്പ്മെന്റ് ഫണ്ട് V-ൽ (ആർ.ഐ.ഡി.എഫ്. V) ഉൾപ്പെടുത്തി സാമ്പത്തികസഹായം ലഭിക്കുന്നതിനായി 86 ചെറുകിട ജലസേചന പദ്ധതികൾ നബാർഡ് അംഗീകരിച്ചിട്ടുണ്ട്.

(സി) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് IV-ൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽനിന്നും 16 ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. ഇവകൂടാതെ ആർ.ഐ.ഡി.എഫ്-1ൽ ഒന്നും ആർ.ഐ.ഡി.എഫ്-II-ൽ ഏഴും പദ്ധതികളുടെ പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 7 പണികൾ പൂർത്തിയാക്കുകയും അതിന്റെ പണി പുരോഗമിച്ചുവരുകയും ചെയ്യുന്നു.

54 (1160) ത്വരിത ഗ്രാമീണ പദ്ധതിക്ക് കേന്ദ്രസഹായം

ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly